കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികൾ

247 (2716) ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ശശി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഒക്ടോബർ 30 വരെ സംസ്ഥാനത്ത് എത്തിച്ചേർന്ന അന്യ സംസ്ഥാന തൊഴിലാളികൾ എത്രയെന്നും അവരുടെ എത്ര തൊഴിൽ ക്യാമ്പുകൾ സംസ്ഥാനത്തുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇവരുടെ സ്ഥിതിവിവര കണക്കുകൾ തൊഴിൽ വകുപ്പിന്റെയോ, പോലീസ് വകുപ്പിന്റെയോ കൈവശമുണ്ടോ;

(സി) ഇവരുടെ സാന്നിധ്യം ആഭ്യന്തര സുരക്ഷിതത്വ രംഗത്തും ആരോഗ്യ രംഗത്തും ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനും, അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിലുള്ള സ്വയംഭരണ സ്ഥാപനമായ ഗ്രാമത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ, തിരുവനന്തപുരത്തിന്റെ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 627 ലേബർ ക്യാമ്പുകൾ നിലവിലുണ്ട്.

(ബി) 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ഓഫീസുകളിലും ഇതര സംസ്ഥാന തൊഴിലാളികളെ ടി പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പദ്ധതിയിൻകീഴിൽ 51609 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമപ്രകാരവും 1979-ലെ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമപ്രകാരവും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ ഇൻസ്പെക്ടർമാരായി

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചിട്ടുണ്ട്. ഇവർ ഇതര സംസ്ഥാന തൊഴിലാളികളുടെ സുരക്ഷ, ക്ഷേമം, ആരോഗ്യം മുതലായവ ഉറപ്പുവരുത്തുന്നതിലേക്കായി സ്ക്വാഡ് പരിശോധനകൾ നടത്തിവരുന്നു. ഇത്തരത്തിൽ പരിശോധനയ്ക്കിടയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് തൊഴിൽ ഉടമ, കരാറുകാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ, സ്റ്റോപ് മെമ്മോ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതര സംസ്ഥാന. തൊഴിലാളികളുടെ വിവരശേഖരണവും ക്ഷേമപ്രവർത്തനവും നടപ്പിലാക്കുന്നതിനു വേണ്ടി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കടിയേറ്റ ക്ഷേമപദ്ധതി നടപ്പിലാക്കി വരുന്നു.

ഐ.ടി.ഐ.-കൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ

248(2717) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഐ.ടി.ഐ.-കളുടെ എൻ.സി.വി.ടി. അഫിലിയേഷൻ നഷ്ടപ്പെടാനുള്ള എന്തെങ്കിലും സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) 2015-ൽ പ്രവേശനം നടത്തുന്ന ഏതെല്ലാം സർക്കാർ ഐ.ടി.ഐ.-കൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ പുതുക്കി ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) 2014-ൽ റീ അഫിലിയേഷൻ നടത്തുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നടപടികൾ സംസ്ഥാന സർക്കാർ നടപ്പാക്കിയിരുന്നുവോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ നിലവാരമുയർത്തുന്നതിന്റെ ഭാഗമായി ഐ.ടി.ഐ.-കളുടെ എൻ.സി.വി.ടി. അഫിലിയേഷൻ 5 വർഷത്തേക്ക് നിജപ്പെടുത്തിയിട്ടുണ്ടെന്നും 5 വർഷത്തിനുമുമ്പ് അഫിലിയേഷൻ ലഭിച്ചിട്ടുള്ള എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.-കളും 2015 ആഗസ്റ്റിനു മുൻപ് വീണ്ടും എൻ.സി.വി.ടി. അഫിലിയേഷൻ നേടിയെടുക്കേണ്ടതാണെന്നും ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT) അറിയിച്ചിരുന്നു. 2015-16 പരിശീലന വർഷം കൂടി റീ-അഫിലിയേഷൻ കൂടാതെതന്നെ എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കൾക്കും പ്രവേശനം നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) 2015-ൽ പ്രവേശനം നടത്തുന്ന സംസ്ഥാനത്തെ ഒരു സർക്കാർ ഐ.ടി.ഐ.-ക്കും എൻ.സി.വി.ടി. അഫിലിയേഷൻ പുതുക്കി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly